പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. : 750 | 28/09/2011 - ൽ മറുപടിയ്ക്ക്

## നെൽകൃഷിക്കായുള്ള ജലവിതരണ ശൃംഖല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.സാജു പോൾ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നെൽകൃഷിയുടെ ജലസേചനത്തിനായി ഇതിനകം വികസിപ്പിച്ചെടുത്ത ജലസേചന പദ്ധതികൾ പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ ; ഇതു സംബന്ധമായി ജലസേചന വകുപ്പ് അവലോകനം നടത്തിയിട്ടുണ്ടോ ; | (എ) നെൽകൃഷിയുടെ ജലസേചനത്തിനായി വികസിപ്പിച്ചെടുത്ത പദ്ധതികൾ നിലവിൽ നെൽകൃഷിയ്ക്കുമാത്രമല്ല ഇതര കൃഷികൾക്കുകൂടി പ്രയോജനപ്പെടുന്നുണ്ട്. ജലസേചന പദ്ധതികൾ അവയുടെ ലക്ഷ്യം നിറവേറ്റുന്നുണ്ടോ എന്ന കാര്യം വകുപ്പുതലത്തിൽ നടത്തുന്ന മീറ്റിംഗുകളിൽ വിലയിരുത്താറുണ്ട്. |
| (ബി) നെൽകൃഷിയുമായി ബന്ധപ്പെടുത്തി ജലവിതരണ ശൃംഖല പുന:ക്രമീകരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ബി) നെൽകൃഷിയും ഇതര കൃഷികളുമായി ബന്ധപ്പെട്ട് ജലവിതരണ ശൃംഖല മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ നവീകരിക്കുന്ന പ്രവർത്തനം നടന്നുവരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.